**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2285** **05-02-2026 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോയിൽ നിലവിൽ എത്ര ഡെപ്യൂട്ടേഷൻ ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; തരം തിരിച്ച് വ്യക്തമാക്കാമോ; കാലാവധി പൂർത്തിയാക്കിയ എത്ര ഡെപ്യൂട്ടേഷൻ ജീവനക്കാർ സപ്ലൈകോയിൽ തുടരുന്നുണ്ട്; ഇവരെ റിവേർട്ട് ചെയ്യാനുള്ള തടസ്സം എന്താണെന്നു വ്യക്തമാക്കുമോ; | (എ) | സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു:<br><br>ചെയർമാൻ - 1 (IAS)<br>മാനേജിംഗ് ഡയറക്ടർ – 1 (IAS)<br>അഡിഷണൽ ജനറൽ മാനേജർ (പി&എ) – 1 (കൺട്രോളർ ഓഫ് റേഷനിംഗ്)<br>മാനേജർ / മേഖലാ മാനേജർ – 7 (ജില്ലാ സപ്ലൈ ഓഫീസർ)<br>അസിസ്റ്റന്റ് മാനേജർ – 74 (താലൂക്ക് സപ്ലൈ ഓഫീസർ)<br>ലാ ഓഫീസർ - 1 (നിയമവകുപ്പ്)<br><br>പാഡി മാർക്കറ്റിംഗ്ഓഫീസർ – 13 (കൃഷി അസിസ്റ്റന്റ് ഡയറക്ടർ)<br>പിആർഒ – 1 (I&PRD)<br>ജൂനിയർ മാനേജർ – 80 (അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർ)<br>സീനിയർ അസിസ്റ്റന്റ് I – 203 (റേഷനിംഗ് ഇൻസ്പെക്ടർ)<br>സീനിയർ അസിസ്റ്റന്റ് II – 95 (സീനിയർ ക്ലർക്ക്)<br>ജൂനിയർ അസിസ്റ്റന്റ് - 127 (ക്ലർക്ക്)<br>ടൈപ്പിസ്റ്റ് - 1 (പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർസെക്കന്ററി)<br><br>സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ കാലാവധി പൂർത്തിയാക്കിയ ക്ലർക്ക് തസ്തികയിലെ 24 പേർ, 19 റേഷനിംഗ് ഇൻസ്പെക്ടർമാർ, 10 അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർമാർ, 7 താലൂക്ക് സപ്ലൈ ഓഫീസർമാർ എന്നിവർ സപ്ലൈകോയിൽ തുടരുന്നുണ്ട്. ടി ജീവനക്കാരെ തിരിച്ചെടുത്ത് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | സി. എസ്. ആർ. (കൺസ്യൂമർ സർവീസ് ആൻഡ് റിലേഷൻസ്) പ്രകാരം എത്ര ജെ.എം. (ജൂനിയർ മാനേജർ) തസ്തികകൾ സപ്ലൈകോയിൽ നിലവിലുണ്ട്; സി.എസ്.ആറിൽ രേഖപ്പെടുത്താത്ത ജെ. എം. തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജെ. എം. നെ നിയമിക്കാറുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദീകരിക്കുമോ; | (ബി) | സപ്ലൈകോ ജീവനക്കാർക്ക് ബാധകമായിട്ടുള്ള സർവ്വീസ് റൂൾ, KSCSC കോമൺ സർവ്വീസ് റിക്രൂട്ട്മെന്റ് റൂൾസ് 2021 ആണ്. ടി റൂൾ പ്രകാരം QA, Accounts, General, Information Management, HRD, Tea, Marketing എന്നീ വിഭാഗങ്ങളിലായി ഡെപ്യൂട്ടി മാനേജർ, അസിസ്റ്റന്റ് മാനേജർ, ജൂനിയർ മാനേജർ എന്നീ തസ്തികകൾ Block Vacancy ആയാണ് കണക്കാക്കിയിട്ടുള്ളത്. അന്യത്ര സേവനത്തിനായി മാറ്റിവച്ചിട്ടുള്ള 80 ജൂനിയർ മാനേജർ തസ്തികകളിൽ സിവിൽ സപ്ലൈസ് വകുപ്പിലെ അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർ സമാന തസ്തികയിലുള്ള ജീവനക്കാർക്കാണ് സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകി വരുന്നത് |
| (സി) | സപ്ലൈകോ ജീവനക്കാർക്കുള്ള എ.എസ്.എം. (അസിസ്റ്റന്റ് സെയിൽസ്മാൻ), ജെ.എ. (ജൂനിയർ അസിസ്റ്റന്റ്),എസ്. എ.ഗ്രേഡ് II (സീനിയർ അസിസ്റ്റന്റ് ഗ്രേഡ് II) ,എസ്.എ. ഗ്രേഡ് I (സീനിയർ അസിസ്റ്റന്റ് ഗ്രേഡ് I) തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; വ്യക്തമാക്കാമോ; | (സി) | അസിസ്റ്റന്റ് സെയിൽസ്മാൻ – 11<br><br>ജൂനിയർ അസിസ്റ്റന്റ് - 52 (Deputation reduction 21, Promotion Vacancy 31)<br><br>സീനിയർഅസിസ്റ്റന്റ് II – ഇല്ല<br><br>സീനിയർഅസിസ്റ്റന്റ് I - 82 |
| (ഡി) | സപ്ലൈകോ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക എന്നുമുതൽ നൽകിതുടങ്ങുമെന്ന് വിശദമാക്കുമോ; മെഡിസെപ് പദ്ധതി സപ്ലൈക്കോ ജീവനക്കാർക്കായി എന്നുമുതൽ നടപ്പിലാക്കി തുടങ്ങും; വിശദമാക്കാമോ; | (ഡി) | സപ്ലൈകോ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിന് മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. സപ്ലൈകോ ജീവനക്കാർക്ക് ആരോഗ്യ ഇൻഷ്വറൻസ് ആരംഭിക്കുന്നതിന് സംഘടനാ പ്രതിനിധികളുമായി മന്ത്രിതലത്തിൽ നടത്തിയ ചർച്ചയിൽ തീരുമാനിച്ചിട്ടുണ്ട്. താല്പര്യപത്രം ക്ഷണിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജെ.എം. മാരിൽ എത്ര പേർക്ക് മതിയായ യോഗ്യതയുണ്ട്; അവർക്ക് എം.ബി.എ. നിർബന്ധമുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഇ) | CSRR 2021 -ലെ Chapter I (General) Part I Rules 1(3), പ്രകാരം, പ്രസ്തുത നിയമങ്ങൾ കോർപ്പറേഷനിലെ നേരിട്ട് നിയമിതരായ ജീവനക്കാർക്കാണ് ബാധകമാകുന്നത്. കൂടാതെ, Chapter II, Part III (General Condition of Service), ലെ വ്യവസ്ഥകൾ പ്രകാരം സപ്ലൈകോയിൽ നേരിട്ട് നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് ആണ് ഈ നിയമങ്ങൾ ബാധകമായിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 25/09/2012-ലെ സ.ഉ.(കൈ) നം. 26/2012/F&CSD പ്രകാരം സപ്ലൈകോയിലേക്കുള്ള ഡെപ്യൂട്ടേഷനുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇത്തരത്തിൽ അന്യത്ര സേവനത്തിനായി Earmark ചെയ്തിട്ടുള്ള |

| | | | |
|---|---|---|---|
| | | | തസ്തികകളിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് സപ്ലൈകോയിൽ നേരിട്ട് നിയമിക്കപ്പെടുന്ന ജൂനിയർ മാനേജർ തസ്തികയിലെ പ്രത്യേക യോഗ്യത ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ